**'ഭരണഭാഷ - മാതൃഭാഷ'**

നമ്പർ എൻ 4/32368/2018/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം - 33
തീയതി : 29/01/19
ഫോൺ : 0471 2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്രിസം സോഫ്റ്റ് വെയർ -ഓൺലൈൻ മുഖേന പെൻഷൻ അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 10.01.2019 ലെ ഇതേ നമ്പർ ഉത്തരവ്.

ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈൻ ആയി പരിശോധിച്ച് തീർപ്പാക്കുന്നതിനായി ശ്രീ. കെ. ജയചന്ദ്രനെ (ഫോൺ 9446032537) നോഡൽ ഓഫീസറായും സ്വകാര്യ കോളേജിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി താഴെപ്പറയുന്ന ജീവനക്കാരെ അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായും സൂചന ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു.

| ക്രമ നമ്പർ | ഡെപ്യൂട്ടി ഡയറക്ടറേറ്റ് | അസിസ്റ്റന്റ് നോഡൽ ഓഫീസറുടെ പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | കൊല്ലം | രാജീവൻ.പി.വി | 9447051289 |
| 2 | കോട്ടയം | അബു.വി. | 9446024353 |
| 3 | എറണാകുളം | നിഷാദ്.വി.എച്ച് | 9895105265 |
| 4 | തൃശ്ശൂർ | രാജേഷ്.വി. | 9446349581 |
| 5 | കോഴിക്കോട് | നന്ദകുമാർ കെ.എം. | 9496669967 |

ഇപ്രകാരം അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായി രജിസ്റ്റർ ചെയ്യപ്പെട്ടവർക്ക് ഇതിനകം യൂസർ നെയിം, പാസ് വേർഡ് എന്നിവ അവരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പരിൽ ലഭ്യമായിട്ടുണ്ട്. ആയത് ലഭിക്കാത്തവർ നോഡൽ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്. പ്രിസം സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ രജിസ്ട്രേഷൻ, വെരിഫിക്കേഷൻ എന്നിവ നടപ്പിലാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ ചുവടെ കൊടുക്കുന്നു.

1. എല്ലാ സ്വകാര്യ കോളേജ് പ്രിൻസിപ്പാൾമാരേയും Departmental User ആയി ബന്ധപ്പെട്ട അസിസ്റ്റന്റ് നോഡൽ ഓഫീസർമാർ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.

2. ഇതിനായി എല്ലാ സ്വകാര്യ കോളേജ് പ്രിൻസിപ്പാൾമാരും User Registration Link ൽ കയറി Departmental User ആയി രജിസ്റ്റർ ചെയ്യേണ്ടതും അസിസ്റ്റന്റ് നോഡൽ ഓഫീസർമാർ അവരുടെ User Name Password എന്നിവ ഉപയോഗിച്ച് Login ചെയ്ത് User Registration വിവരങ്ങൾ പരിശോധിച്ച് അവരെ Accept ചെയ്യേണ്ടതുമാണ്. ഇപ്രകാരം Nodal ഓഫീസർമാർ Accept ചെയ്യുന്ന മുറയ്ക്ക് Departmental User ടെ രജിസ്റ്റേർഡ് മൊബൈലിൽ User Name, Password എന്നിവ ലഭിക്കുന്നതാണ്.

ഇപ്രകാരം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരെ PSA ആയി അസിസ്റ്റന്റ് നോഡൽ ഓഫീസർമാർ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.

Departmental User ആയി രജിസ്റ്റർ ചെയ്യുന്നതിനായി ഗവൺമെന്റ് സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾ User Registration Link ൽ കയറി Departmental User Registration നടത്തേണ്ടതും Nodal Officer Accept ചെയ്യുന്ന മുറയ്ക്ക് അവരുടെ രജിസ്റ്റേർഡ് മൊബൈലിൽ Departmental User എന്ന നിലയ്ക്കുള്ള User Name, Password എന്നിവ ലഭിക്കുന്നതാണ്.

നോഡൽ ഓഫീസറും അസിസ്റ്റന്റ് നോഡൽ ഓഫീസർമാരും അവരുടെ User Name, Password എന്നിവ ഉപയോഗിച്ച് Login ചെയ്ത് അവർക്ക് ലഭിച്ചിട്ടുള്ള പെൻഷൻ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിച്ച് Accept ചെയ്യുന്ന മുറയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ അപേക്ഷകർക്ക് User Name, Password എന്നിവ ലഭിക്കുന്നതും ആയത് ഉപയോഗിച്ച് പെൻഷണർക്ക് ഓൺലൈൻ അപേക്ഷ Submit ചെയ്യാവുന്നതാണ്. ഗവൺമെന്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ഓൺലൈൻ അപേക്ഷ Accept ചെയ്യുന്നത് നോഡൽ ഓഫീസറാണ്.

എല്ലാ സ്ഥാപന മേധാവികളും Departmental User എന്ന നിലയ്ക്ക് ലഭിച്ച User Name, Password ഉപയോഗിച്ച് Login ചെയ്ത് താങ്കളുടെ സ്ഥാപനത്തിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ പരിശോധിച്ച് ആയതിലെ അപാകതകൾ നീക്കുന്നതിന് പെൻഷണറെ സഹായിക്കേണ്ടതും ബന്ധപ്പെട്ട Pension Sanctioning Authority ക്ക് Online ആയി Submit ചെയ്യാൻ സഹായിക്കേണ്ടതുമാണ്. Online അപേക്ഷയുടെ രണ്ട് കോപ്പി (RRA പൂർത്തീകരിച്ചത് സഹിതം) സാക്ഷ്യപ്പെടുത്തി സർവ്വീസ് ബുക്ക് അനുബന്ധ രേഖകൾ സഹിതം പെൻഷണർ Online അപേക്ഷ സമർപ്പിച്ച സ്ഥാപനത്തിലേയ്ക്ക് സ്ഥാപന മേധാവി തപാൽ മുഖേന അയച്ചു കൊടുക്കേണ്ടതാണ്. സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ പെൻഷൻ അപേക്ഷകൾ Online അപേക്ഷയുടെ രണ്ട് കോപ്പി (RRA പൂർത്തീകരിച്ചത് സഹിതം) സാക്ഷ്യപ്പെടുത്തി സർവ്വീസ് ബുക്ക്, എസ്.വി.സി. അനുബന്ധ രേഖകൾ സഹിതം Online അപേക്ഷ സമർപ്പിച്ച സ്ഥാപനത്തിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾമാരുടെ പെൻഷൻ Online അപേക്ഷ Submit ചെയ്ത ശേഷം Online അപേക്ഷയുടെ രണ്ട് കോപ്പി, സർവ്വീസ് ബുക്ക്, അനുബന്ധരേഖകൾ സഹിതം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.

സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ Pension Sanctioning Authority ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ ആയതിനാൽ Online അപേക്ഷയുടെ പരിശോധനയ്ക്ക് ശേഷം Accountant General ന് Submit ചെയ്യേണ്ടതും അദ്ധ്യാപകരുടെ Online

2720

അപേക്ഷ പരിശോധനയ്ക്ക് ശേഷം സർവ്വീസ് ബുക്കും Online അപേക്ഷയുടെ സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പ് (RRA പൂർത്തീകരിച്ചത് സഹിതം) എസ്.വി.സി. മറ്റ് അനുബന്ധ രേഖകൾ സഹിതം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു തരേണ്ടതാണ്. ഗവൺമെന്റ് കോളേജിലെ അനദ്ധ്യാപകരുടെ (എൻ.ജി.ഒ.മാരുടെ)Online അപേക്ഷകൾ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്കും ഗസറ്റഡ് തസ്തികയിലുള്ള അനദ്ധ്യാപകരുടെ Online അപേക്ഷയും ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ Online അപേക്ഷയും കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. തുടർന്ന് Online അപേക്ഷ രണ്ട് കോപ്പി (പൂർത്തീകരിച്ച RRA സഹിതം) സാക്ഷ്യപ്പെടുത്തി സർവ്വീസ് ബുക്ക്,അനുബന്ധ രേഖകൾ സഹിതം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് സ്വകാര്യകോളേജുകാർ ബന്ധപ്പെട്ട അസിസ്റ്റന്റ് നോഡൽ ഓഫീസർമാരുമായും ഗവൺമെന്റ് കോളേജുകൾ നോഡൽ ഓഫീസർമാരുമായും ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-
ഹരിത വി. കുമാർ ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/30/1/19

1529